(സി) മണ്ണെടുത്ത് മാറ്റുന്നതിനുള്ള അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

2019-ലെ കെട്ടിട നിർമ്മാണ ചട്ടം 109 പ്രകാരം ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നത് സംബന്ധിച്ച് 18-9-2021-ലെ സ.ഉ(സാധ)നം. 1795/2021/തസ്വഭവ. പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ആയത് അനുബന്ധമായി ചേർക്കുന്നു*.

**കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ങ്കുപാലം നിർമ്മാണം**

346 (346) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ങ്കുപാലത്തിന്റെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടോ; അറിയിക്കാമോ;

(ബി) കേരളാ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ, ഡി. പി. ആർ. എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ നമ്പറും കമ്പ്യൂട്ടർ നമ്പരും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആനുപാതികമായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ-ഡി) കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ങ്കുപാലം പ്രവൃത്തി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**തൃശ്ശൂർ ശക്തൻ മാർക്കറ്റ് വികസനം**

347 (347) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആധുനിക സൗകര്യങ്ങൾക്ക് പുറമേ പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സി.എം.എൽ.ആർ.പി. പദ്ധതി**

348 (348) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുമതിലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ പട്ടികയും ഭരണാനുമതി ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു*.

**ഇടുക്കി ജില്ലയിൽ പൊതുശ്മശാനം**

349 (349) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; ഈ പഞ്ചായത്തുകളുടെ പേരുകൾ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

ഇടുക്കി ജില്ലയിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത 29 പഞ്ചായത്തുകൾ ഉണ്ട്.

1. തൊടുപുഴ ബ്ലോക്ക്- ഇടവെട്ടി, കുമാരമംഗലം, മണക്കാട്, മുട്ടം.
2. ഇളംദേശം ബ്ലോക്ക്- ആലക്കോട്,കരിമണ്ണൂർ,കുടയത്തൂർ, കോടിക്കുളം, ഉടുമ്പന്നൂർ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.